പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5631** — **02 .07.2019-ൽ മറുപടിയ്ക്ക്**

**പ്രീമെട്രിക് ഹോസ്റ്റലുകളുടെ ശോച്യാവസ്ഥ**

**ചോദ്യം**

**ശ്രീ.സി. കെ. ശശീന്ദ്രൻ**

**മറുപടി**

**ശ്രീ.എ.കെ.ബാലൻ**

**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | സംസ്ഥാനത്തെ മിക്ക പട്ടികവർഗ്ഗ പ്രീമെട്രിക് ഹോസ്റ്റലുകളും അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാതെ ശോച്യാവസ്ഥയിലാണെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ; | എ) | ഇല്ല.<br>പട്ടികവർഗ്ഗ പ്രീമെട്രിക് ഹോസ്റ്റലുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ ശോച്യാവസ്ഥ നിലവിലില്ല. |
| ബി) | വയനാട് ജില്ലയിലെ വിവിധ പട്ടികവർഗ്ഗ പ്രീമെട്രിക് ഹോസ്റ്റലുകൾ നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; | ബി) | വയനാട് ജില്ലയിലെ വിവിധ പട്ടികവർഗ്ഗ പ്രീമെട്രിക് ഹോസ്റ്റലുകളിൽ അതത് സമയത്തെ ആവശ്യങ്ങളനുസരിച്ച് പ്രവൃത്തികൾ ചെയ്യുവാൻ നടപടി സ്വീകരിച്ചു വരുന്നു. ഹോസ്റ്റലുകളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക, മഴവെള്ള സംഭരണി, ശുചിത്വ സംവിധാനങ്ങൾ, കിണർ എന്നിവയുടെ നിർമ്മാണം, വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് സി.സി.ടി.വി, മിനിമാസ്റ്റ് ലൈറ്റ് എന്നിവ ഇതിന്റെ ഭാഗമായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. നാപ്കിൻ വെൻഡിംഗ് മെഷീൻ, ഇൻസിനറേറ്റർ എന്നിവ എല്ലാ പെൺക്കുട്ടികളുടെ ഹോസ്റ്റലിലും സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളുടെ അടുക്കളകളിൽ സ്റ്റീംവേയ്ഡ് കുക്കിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. കുട്ടികളുടെ മാനസികശേഷി വർദ്ധിപ്പിക്കുക, വ്യക്തിത്വ വികസനം, പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുന്നതിന് മാനസികമായി പ്രാപ്തരാക്കുക |

| | | | |
|---|---|---|---|
| | | | എന്നിവയ്ക്കായി സ്റ്റുഡന്റ് കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഹോസ്റ്റലുകളിൽ ട്യൂട്ടർമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. |
| സി) | പ്രീമെട്രിക് ഹോസ്റ്റലിലെ കുക്കമാർക്ക് 24 മണിക്കൂർ ജോലി സമയവും 60% മെസ് ഫീയും നൽകുമ്പോൾ മറ്റ് തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് 30% മെസ് ഫീയും 8 മണിക്കൂർ ജോലിയുമാണ് നിലനിൽക്കുന്നതെന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ കുക്കമാർക്ക് മെസ് ഫീ കുറയ്ക്കുന്ന കാര്യം ആലോചിക്കുമോ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>എല്ലാ ജീവനക്കാരിൽ നിന്നും ഒരേ നിരക്കിലാണ് മെസ് ചാർജ്ജ് ഈടാക്കുന്നത്. |
| ഡി) | പ്രീമെട്രിക് ഹോസ്റ്റലിൽ എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റിക്ക് പരിശീലനം നൽകാൻ ആലോചിക്കുന്നുണ്ടോ; | ഡി) | പ്രീമെട്രിക് ഹോസ്റ്റലുകളിലെ സ്ഥലസൗകര്യങ്ങളനുസരിച്ചുള്ള എക്സ്ട്രാ കരിക്കുലർ ആക്ടിവിറ്റിക്ക് സൗകര്യം ചെയ്തിട്ടുണ്ട്. അതിന് പുറമെ കളിക്കളം, എന്ന പേരിൽ സ്പോർട്സ് മേളയും സർഗ്ഗോത്സവം കലാമേളയും നടത്തി വരുന്നുണ്ട്. |
| ഇ) | ട്രൈബൽ ഹോസ്റ്റലിൽ സ്ഥിരമായ ട്യൂട്ടർ തസ്തിക അനുവദിക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ? | ഇ) | പാർട്ട് ടൈം ട്യൂട്ടർമാരുടെ സേവനമാണ് പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകളിൽ നിലവിലുള്ളത്. കൂടാതെ വിദ്യാർത്ഥികൾക്ക് സമീപ പ്രദേശങ്ങളിലുള്ള നിലവാരമുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ ചേർന്ന് പഠനം നടത്തുന്നതിന് ട്യൂട്ടോറിയൽ ഗ്രാന്റ് അനുവദിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ട്യൂട്ടർമാരുടെ സ്ഥിരം തസ്തിക സൃഷ്ടിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

Hari

**സെക്ഷൻ ഓഫീസർ**